**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3523** **05-08-2021 - ൽ മറുപടിയ്ക്ക്**

**ടി.എസ്.ബി. അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡ് നൽകുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഓൺലൈൻ മുഖേന ട്രഷറിയിലേക്ക് പണം നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക PAYMENT GATEWAY ആയ ഇ-ട്രഷറി ആപ്ലിക്കേഷൻ മുഖാന്തരം സർക്കാരിന്റെ എല്ലാ വിധ ELECTRONIC FUND SETTLEMENT-കളും നടത്തുവാൻ കഴിയുന്നു. സർക്കാർ വകുപ്പുകളിലേക്കു ചലാൻ വഴി പണമടയ്ക്കുവാൻ ഇ-ട്രഷറി വളരെ സൗകര്യപ്രദമാണ്. 65 ബാങ്കുകളുടെ നെറ്റ് ബാങ്കിങ് സൗകര്യം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് പേയ്മെന്റ്, UPI, e-POS സൗകര്യങ്ങൾ ലഭ്യമാണ്. പൊതുജനങ്ങൾക്കു വിവിധ ആവശ്യങ്ങൾക്കായി വിവിധ ഓഫീസുകൾ സന്ദർശിക്കുന്നത് ഒഴിവാക്കുന്നതിനായി മറ്റു വകുപ്പുകളിലെ ആപ്ലിക്കേഷനുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിക്കുവാൻ പര്യാപ്തമാണ്. ഇ-ട്രഷറിയിൽ 24*7 സമയം സേവനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ